/386/2023

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്
തിരുവനന്തപുരം - 695 014
ഇ-മെയിൽ : tcoffice.mvd@kerala.gov.in
വെബ്: www.mvd.kerala.gov.in
ഫോൺ :0471-2333317 / 37
തീയതി: 21-12-2023

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
മോട്ടോർ വാഹന വകുപ്പ്.

സ്വീകർത്താവ്: 1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്കും
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് കമ്മീഷണർക്കും
3. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് കമ്മീഷണർക്കും
4. എല്ലാ ചെക്ക്പോസ്റ്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും.

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് -മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത ആൾ ഇന്ത്യ ടൂറിസ്റ്റ് ബസുകളുടെ നികുതി- ബഹു. സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവ്-നിർദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്.

സൂചന :- 1. ഈ ഓഫീസിൽ നിന്നുള്ള 19/10/2022 തീയതിയിലെ സർക്കുലർ നം 9/2022
2. WPC864/2022,WPC638,756,804,808,812,815,816,819,820,822,824,825,828,831,832,833,834,835,853,855,859,872,891,892,894,947,949,950,953,955 എന്നീ കേസുകളിൽ ബഹു.. സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവുകൾ
3 . ഈ ഓഫീസിൽ നിന്ന് 25/08/2023 ന് നൽകിയ മേല്പടി നമ്പർകത്ത്.

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് All India Tourist (Permit and Authorization) Rule 2021, All India Tourist (Permit ) Rule 2023 എന്നിവ പ്രകാരം പെർമിറ്റ് എടുത്ത വാഹനങ്ങൾ കേരളത്തിലേക്ക് പ്രവേശിക്കുമ്പോൾ കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമ പ്രകാരമുള്ള നികുതി ഒടുക്കണമെന്ന് സൂചന (1) പ്രകാരം നിർദേശം നൽകിയിരുന്നു. ഇതിനെതിരെ ചില വാഹന ഉടമകൾ ബഹു. സുപ്രീം കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്ത പെറ്റീഷണർമാരിൽ നിന്നും നികുതി എടുക്കുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിരുന്നു. ഇതിൻറെ അടിസ്ഥാനത്തിൽ ബഹു. സുപ്രീം കോടതിയിൽ നിന്ന് സ്റ്റേ ലഭിച്ച വാഹന ഉടമകളുടെ ഓൾ ഇന്ത്യ ടൂറിസ്റ്റ് വാഹനങ്ങൾ, ചെക്ക്പോസ്റ്റ് വഴി സംസ്ഥാനത്ത് പ്രവേശിക്കുമ്പോൾ തൽക്കാലം നികുതി ഈടാക്കാൻ പാടില്ലായെന്നറിയിച്ച് സൂചന (3) പ്രകാരം നിർദേശം നൽകിയരുന്നു. എന്നാൽ സുപ്രീം കോടതി സ്റ്റേ ഉത്തരവ് നൽകിയിട്ടും ചില സംസ്ഥാനങ്ങൾ ബോർഡർ ടാക്സ് എടുക്കുന്നതായി ബഹു. സുപ്രീം കോടതിയിയുടെ ശ്രദ്ധയിൽപെടുത്തിയതിനെത്തുടർന്ന് സുപ്രീം കോടതി സ്റ്റേ ഉത്തരവ് നൽകിയ വാഹന ഉടമകളിൽ നിന്ന് ബോർഡർ ടാക്സ് എടുക്കരുതെന്ന് ബഹു. സുപ്രീം കോടതി വീണ്ടും ഉത്തരവായിരിക്കുകയാണ്.

ആയതിനാൽ സുപ്രീം കോടതിയിയുടെ സ്റ്റേ ഉത്തരവിൻറെ അടിസ്ഥാനത്തിൽ അതിർത്തി കടന്നുവരുന്ന അന്യസംസ്ഥാന ടൂറിസ്റ്റ് ബസുകളിൽ നിന്നും നികുതി സ്വീകരിക്കുവാൻ പാടില്ലായെന്ന് ഒരിക്കൽ കൂടി നിർദേശം നൽകുന്നു. മാത്രമല്ല നികുതി ഒഴിവാക്കി പ്രവേശനം അനുവദിക്കപ്പെട്ട ടി വാഹനങ്ങളുടെ വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്തു ഓൾ ഇന്ത്യ പെർമിറ്റ് എടുത്ത, കോടതി സ്റ്റേ ഉത്തരവ് നൽകാത്ത മറ്റ് വാഹനങ്ങളിൽ നിന്നും നികുതി ഈടാക്കിയശേഷമേ വാഹനങ്ങൾ സംസ്ഥാനത്തേക്ക് കടത്തിവിടാൻ പാടുള്ളൂ.

നികുതി ഒഴിവാക്കി കൊടുത്തതും നികുതി ഈടാക്കിയതുമായ വാഹനങ്ങളുടെ വിശദാംശങ്ങൾ 01.01.2024 തിയതിക്ക് മുൻപായി താഴെ പറയുന്ന പ്രൊഫോർമയിൽ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. അതാത് ഡി റ്റി സി മാർ പ്രസ്തുത റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സമർപ്പിക്കേണ്ടതാണ്.

Proforma :

Period 01.08.2023 to 31.12.2023

| Sl No (1) | Vehicle No (2) | Date of Entry (3) | No of seats (push back or ordinary)/Berth (4) | Whether stay order granted by Hon.Supreme court (5) | If not to Sl (5), specify the amount of tax collected (6) | Remarks (7) |
|---|---|---|---|---|---|---|
| | | | | | | |

Signed by
K Manojkumar
Date: 21-12-2023 12:10:53

വിശ്വസ്തതയോടെ,

K MANOJKUMAR
JOINT TRANSPORT COMMISSIONER & SECRETARY STA

മോട്ടോർ വാഹന വകുപ്പ്, കേരളം